Circular No: SBV15/2019-21

# സമസ്ത കേരള സുന്നി ബാലവേദി

(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 0494 2400530, 2400749

**website: www.sksbvstate.com, Email: sksbvstate@gmail.com**

---

*സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

മാന്യരെ, അസ്സലാമു അലൈക്കും.

ക്ഷേമവും ഐശ്വര്യവും നേരുന്നു. നാഥൻ അനുഗ്രഹിക്കട്ടെ. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ–ആമീൻ

## ലോക പരിസ്ഥിതി സംരക്ഷണ കാമ്പയിൻ

ജൂൺ 05 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ **'തണലൊരുക്കാം നല്ല നാളെക്കായ്'** എന്ന പ്രമേയവുമായി പരിസ്ഥിതി സംരക്ഷണ കാമ്പയിൻ **(2020 ജൂൺ 5 മുതൽ 15 വരെ)** ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ക്യാമ്പയിനിന്റെ ഭാഗമായി വീട്ടിലൊരു മരം, ശുചിത്വം നമ്മുടെ കടമ, ഓൺലൈൻ പ്രസംഗ മത്സരം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

### വീട്ടിലൊരു മരം (ജൂൺ 5)

◆ യൂണിറ്റ് പ്രവർത്തകരുടെ വീടുകളിൽ മരം നടുന്നു.

◆ പ്രവർത്തകർ നടുന്ന മരം അടുത്ത കൊല്ലം പരിസ്ഥിതി ദിനം വരെ കൃത്യമായി സംരക്ഷിക്കുമെന്നും. ആവശ്യമായ വെള്ളവും വളവും നൽകി വളർത്തുമെന്നും പ്രതിജ്ഞ എടുക്കുക.

◆ മരത്തിന്റെ വളർച്ച രേഖപ്പെടുത്താൻ ഡയറി ആരംഭിക്കാം.

◆ വളർന്നു നിൽക്കുന്ന ചെടികൾക്ക് മരമായി വളരാനുള്ള സൗകര്യം ഒരുക്കാം. വേലി കെട്ടിയും, കളപറിച്ചും, അവയെ പരിചരിക്കുക.

◆ വിദ്യാർത്ഥികൾ മരം നടുന്ന ഫോട്ടോ എടുത്ത് രക്ഷിതാക്കൾ താഴെ കാണുന്ന വാട്ട്സ് ആപ്പ് നമ്പറിൽ അയച്ചു തരിക, മികച്ചവ സുന്നി ബാലവേദിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ അപ്‌ലോഡ് ചെയ്യുന്നതാണ്.

◆ റെയിഞ്ചു കമ്മിറ്റികൾ അതാതു പഞ്ചായത്ത്, വില്ലേജ്, കൃഷി ഭവൻ എന്നിവയുമായി ബന്ധപെട്ടു തൈകളുടെ ലഭ്യത ഉറപ്പു വരുത്തുക.

### ശുചിത്വം നമ്മുടെ കടമ (ജൂൺ 7)

◆ മഴക്കാല ജന്യ രോഗങ്ങളിൽ നിന്നും മുക്തി നേടാൻ വീടും പരിസരവും വൃത്തിയാക്കുന്നു.

◆ കൊതുകു വളരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.

◆ ഞായറാഴ്ച ഒഴിവു ദിനം ഉപയോഗപ്പെടുത്തി വീട്ടിലെ എല്ലാവരും ഒരുമിച്ച് വളർന്നു കാടു പിടിച്ചു നിൽക്കുന്ന കളകൾ പറിച്ചു കളയുക

◆ ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, തുണി, മറ്റു വസ്തുക്കൾ ശേഖരിച്ചു ഒഴിഞ്ഞ ഇടങ്ങളിൽ സൂക്ഷിക്കുക. പിന്നീട് സ്ക്രാപ്പ് വില്പനക്കാർക്ക് കൈമാറുക

◆ അടുക്കള മാലിന്യം അനാവശ്യമായി വലിച്ചെറിയുന്നില്ല എന്ന് ഉറപ്പു വരുത്തുക, കമ്പോസ്റ്റ് നിർമാണത്തിനും പങ്കാളിയാവുക

PTO

## ഓൺലൈൻ പ്രസംഗ മത്സരം (ജൂൺ 10 – 15)

ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, വിഭാഗം വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണ പ്രമേയത്തിൽ സംസ്ഥാന തല പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു.

◆ രണ്ടു മിനിറ്റിൽ കുറയാത്ത മൂന്നു മിനിറ്റിൽ കൂടാത്ത ചെറു പ്രസംഗങ്ങൾ ഫോണിലെ സെൽഫി ക്യാമറയിൽ എടുത്തു എഡിറ്റ് ചെയ്യാതെ സംസ്ഥാന കമ്മറ്റിക്ക് വാട്സാപ്പ് ചെയ്യുകയാണ് വേണ്ടത്.

◆ പ്രസംഗങ്ങൾ സുന്നി ബാലവേദി യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്യുന്നതും, ഏറ്റവും കൂടുതൽ ലൈക് കിട്ടുന്ന പ്രസംഗമാണ് വിജയിക്കുന്നത്.

◆ ജൂണ് 8 മുതൽ ആരംഭിക്കുന്ന മത്സരത്തിൽ ഓരോ വിഭാഗത്തിനും വീഡിയോ അയച്ചു തരാനും ലൈക്ക് അഭ്യർത്ഥിക്കാനും രണ്ടു ദിവസമാണ് സമയമുള്ളത്. പ്രസംഗങ്ങൾ പരമാവധി ജനങ്ങളിലേക്കെത്തിക്കാനും പരിസ്ഥിതി സംരക്ഷണ പ്രമേയം ചർച്ച ചെയ്യാനും പ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കുക.

◆ ഓരോ വിഭാഗത്തിലും തിരഞ്ഞെടുക്കുന്ന പത്തു പ്രസംഗമാണ് ചാനലിൽ ഉൾപെടുത്തുകയുള്ളൂ.

*(ജൂൺ 10 നു രാവിലെ 10.00 നു പുറത്തു വിടുന്ന വിഷയത്തിൽ അന്നേ ദിവസം വൈകീട്ട് 8.00 മണിക്ക് മുന്നായി സബ്ജുനിയർ വിഭാഗം പ്രസംഗം തയ്യാറാക്കി അയക്കേണ്ടതും പിറ്റേന്ന് ജൂണ് 11 രാവിലെ 10.00 മണിക്ക് യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്യുന്ന വീഡിയോ വൈകീട്ട് 8.00 മണി വരെ ഷെയർ ചെയ്യാവുന്നതും ആണ്. ആ ദിവസം 8.00 മണിക്ക് വോട്ടിംഗ് അവസാനിക്കുന്നതും, ഏറ്റവും കൂടുതൽ ലൈക്ക് കിട്ടിയ ആൾ വിജയിക്കുന്നതുമാണ്. ഇപ്രകാരം ജൂണ് 12, 13 ജൂനിയർ വിഭാഗവും ജൂണ് 14, 15 സീനിയർ വിഭാഗത്തിനും മത്സരം നടക്കുന്നതാണ്.)*

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാട്സ്ആപ്പ് : **9207000424**

ഇ-മെയിൽ: **sksbvstate@gmail.com**

എന്ന്

ജന. സെക്രട്ടറി (ഒപ്പ്)

01-06-2020 SKSBV സംസ്ഥാന കമ്മിറ്റി